**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **21-01-2021 - ൽ മറുപടിയ്ക്ക്**

**പെപ്പർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ. കുഞ്ഞിരാമൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ . കെ . ബാബു,<br>ശ്രീ ഒ . ആർ. കേളു** | | **Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം ' (പെപ്പർ) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ) എന്ന പദ്ധതി ആവിഷ്കരിച്ച് 2017 നവംബർ മാസം മുതൽ ഘട്ടം ഘട്ടമായി വിവിധ പ്രദേശങ്ങളിൽ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് 'പെപ്പർ' പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന ഒരു തുടർ പ്രവർത്തനമാണ് പെപ്പർ പദ്ധതി. ആദ്യ ഘട്ടത്തിൽ പെപ്പർ പദ്ധതി ആരംഭിച്ചത് വൈക്കം താലൂക്കിലെ 8 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലാണ് (വൈക്കം മുനിസിപ്പാലിറ്റി, തലയാഴം, ഉദയനാപുരം, മറവന്തുരുത്ത്, കല്ലറ, വെച്ചൂർ, ചെമ്പ്, ടി വി പുരം എന്നീ പഞ്ചായത്തുകൾ). തുടർന്നു വൈക്കം താലൂക്കിലെ തന്നെ വെള്ളൂർ, തലയോലപ്പറമ്പ് എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും പുതുതായി മറ്റ ഏഴ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും (പെരിങ്ങമ്മല, കള്ളിക്കാട്, ആമ്പല്ലൂർ, കാന്തല്ലൂർ, അതിരപ്പിള്ളി, പുന്നയൂർക്കുളം, കയ്യോർ ചീമേനി), പൊന്നാനി (പൊന്നാനി മുനിസിപ്പാലിറ്റി, നന്നംമുക്ക്, വെളിയങ്കോട്, ആലംകോട്, പെരുമ്പടപ്പ്, മാറഞ്ചേരി പഞ്ചായത്തുകൾ) പ്രദേശത്തേക്കും പെപ്പർ പദ്ധതി വ്യാപിപ്പിച്ചു. പ്രസ്തുത പ്രദേശങ്ങളിലെല്ലാം ആദ്യ ഘട്ട പ്രവർത്തനങ്ങൾ ( സ്പെഷ്യൽ ടൂറിസം ഗ്രാമസഭ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, സ്റ്റേക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്) പൂർത്തിയായി. തുടർ പ്രവർത്തനങ്ങൾ (വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കുകയും അവയുടെ |

| | | | |
|---|---|---|---|
| | | | പ്രൊമോഷനും, വിവിധ പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണവും അവയെ ടൂറിസം വ്യവസായവുമായി നേരിട്ടും അല്ലാതെയും ബന്ധിപ്പിക്കലും തുടങ്ങിയവ) നടന്നു വരുന്നു. മൂന്നാംഘട്ടത്തിൽ പുതുതായി പെപ്പർ പദ്ധതി 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (തിരുവില്വാമല, പെരുമ്പളം, ഏലപ്പാറ, വട്ടവട, കാവാലം, കുടരഞ്ഞി, ചേലേമ്പ്ര, ചാലിയാർ, തലക്കുളത്തൂർ, കുവപ്പടി) കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനമായി. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും കൊവിഡ്-19 മഹാമാരിയുടെ കാരണത്താൽ പ്രവർത്തനങ്ങൾ ഇടയ്ക്ക് വച്ച് നിർത്തി വയ്ക്കുകയുണ്ടായി. തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നു.പെപ്പർ പദ്ധതിയുടെ ഭാഗമായി വൈക്കം ചുമർ ചിത്ര നഗരി എന്ന പദ്ധതി നടപ്പിലാക്കുവാനും, അതിനായി ആദ്യ ഘട്ടത്തിൽ വൈക്കം സത്യാഗ്രഹ സ്മാരക മതിൽ, പി ഡബ്ല്യു ഡി റസ്റ്റ് ഹൗസ് മതിൽ എന്നിവിടങ്ങളിൽ മ്യൂറൽ ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പെപ്പർ പദ്ധതിയിലൂടെ ഉയർന്നു വന്ന പുന്നയൂർക്കുളം പഞ്ചായത്തിൽ പെപ്പർ പദ്ധതിക്കൊപ്പം കേന്ദ്ര സർക്കാരിന്റെ ശ്യാമ പ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ (SPMNRM) പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ പഞ്ചായത്ത് ആർ.ടി. മിഷന് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എന്തെല്ലാം പരിസ്ഥിതി സംരക്ഷണ-സൗഹൃദ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഗ്രാമ യാത്രാ പാക്കേജുകൾ, സൈക്കിൾ യാത്രാ പാക്കേജുകൾ എന്നിവ നടത്തി വരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി പ്രദേശ വാസികൾക്ക് തുണി/ പേപ്പർ സഞ്ചി നിർമ്മാണം, പേപ്പർ/ വിത്ത് പേന നിർമ്മാണം എന്നിങ്ങനെയുള്ള ചെറുകിട പരിശീലനങ്ങൾ നൽകി വരുന്നു. പെപ്പർ പദ്ധതിയുടെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിലെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള വഴികൾ, മാലിന്യ സംസ്കരണത്തിനുള്ള വഴികൾ എന്നിങ്ങനെ കൂടുതൽ പരിസ്ഥിതി സൗഹൃദ-സംരക്ഷണ പ്രവർത്തനങ്ങൾ തുടർ ഘട്ടങ്ങളിൽ നടപ്പിലാക്കുന്നതിനായുള്ള ആസൂത്രണങ്ങൾ നടന്നു വരുന്നു. |
| (ഡി) | പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് | (ഡി) | ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അത് വഴി ചെറുതും വലുതുമായ |

| | | | |
|---|---|---|---|
| | ആയിരം സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനായി ആയിരം ഗ്രാമസഭകൾ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളുടെ ഭാഗമായിട്ടാണ് ഇത്തരം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുള്ളത്. ഇതുവരെ അൻപത്തിനാല് തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളിലാണ് വിശേഷാൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതി നിലവിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അവബോധനം നൽകുന്നതിനും, ജനപ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസം മിഷന്റെ റിസോഴ്സ് പേർസൺ പരിശീലനം നൽകുന്നതിനുമുള്ള വിഷയം പരിശോധിച്ചുവരുന്നു. തുടർന്നു ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഈ റിസോഴ്സ് പേർസൺമാർ വഴി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതിനായുള്ള ഒരു ബൃഹത് പദ്ധതി ആർ.ടി. മിഷൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ